
● കവിത

# 'പ്രതി'ബിംബങ്ങൾ

ടി.കെ അലി പൈങ്ങോട്ടായി

ആൾക്കൂട്ടത്തിൽ
പതിയെ നടന്ന് പോകുന്നവൻ
അപരിചിതൻ...
അടയാളങ്ങൾ ഒത്ത് നോക്കി
പരിചയപ്പെടാമവനെ....
ചരിത്രത്തിലെവിടെയോ
പിടികിട്ടാപ്പുള്ളി...
തലയിൽ
നെറ്റിത്തടത്തിൽ
ആകെ മൊത്തം മുഖത്ത്...
ആരോ വരച്ച് വെച്ചതുപോലെ
അടയാളങ്ങളുണ്ടവന്...
താടി
വളർന്ന് പന്തലിച്ചങ്ങിനെ...
തല
പോലീസ് കരുതിവെച്ച
ഏത് ശിരോവസ്ത്രം കൊണ്ടും
മൂടിപ്പുതക്കാൻ
പരിപാകം..
അന്യഭാഷകൾ
മിണ്ടിപ്പറയാനറിയാം...
മുറതെറ്റാതെ
അനുഷ്ഠാന പ്രാർഥനകൾ...
മുണ്ട് പൊക്കിനോക്കിയാൽ
മുദ്രകൾ വേറെയുമുണ്ടവന്.
എല്ലാം ലക്ഷണമൊത്തവ
ഇത്രയുമാകുമ്പോൾ
എവിടെക്കണ്ടാലും
അവനെ
തിരിച്ചറിയാം..
ഒന്നല്ല;
അസംഖ്യം കേസുകൾക്കവൻ
അനിഷേധ്യമായ തുമ്പ്...
ഇനിയവനെ
വെടിവെച്ചിടാം..
തീയിട്ട് ചുടാം...
തീവ്രവാദിയെന്ന്
മരണം വരെ
തുറുങ്കിലടക്കാം...
ആവശ്യമെങ്കിൽ
താമസംവിനാ
തൂക്കിലേറ്റാം...
അവൻ
പ്രതികരണാവകാശമില്ലാത്ത
പ്രതി...!



# മുക്തി

ജീർണതയുടെ
മാറാമ്പലിൽ
ചിലന്തിയുടെ
തിറയാട്ടം
ഭക്ഷണം
പാപത്തിന്റെ
നടുത്തുണ്ടം
തിറയാട്ടം
നിലയ്ക്കുമ്പോൾ
പിശാചിന്റെ
ബകധ്യാനം



ഭൂമിയെ ചുറ്റിവരിഞ്ഞ്
ഒരു മാറാല
ഭീമാകാരം പൂണ്ട
ചിലന്തികൾ
പെരുനിഴലുകൾ
രാക്ഷസ വക്ത്രങ്ങളിൽ
പിടയുന്ന
ദീനവിലാപങ്ങൾ

എവിടെനിന്നോ
മുക്തിയുടെ
തക്ബീർ വിളികൾ
ഉയരുന്നു

**വിനോദ്കുമാർ എടച്ചേരി**



# കാലമേ കനിയുക!

വൃദ്ധരാം ഞങ്ങൾ നടന്നുനീങ്ങീടവേ
അർധജീവനുമായ് തെരുവീഥിയിൽ
കണ്ടിടും കുതൂഹലങ്ങളെത്രയാം
വണ്ടികൾ കളിക്കും കസർത്തുകൾ

കാണുകില്ല മഴക്കാല കുഴികൾ
ബൈക്കിലേറി പറക്കും യുവജനം
മുട്ടുപൊട്ടിച്ചീടുമോയെന്നാം ഭയം
തട്ടി നട്ടെല്ലതും നുറുങ്ങീടുമോ

പിൻമുറക്കാർ വരുത്തിടും വിനകൾ
വൻനിലയിൽ പെരുകി നാടുനീളെ.
ചെറ്റും പാറ്റകണക്കെയെരിതീയിൽ
ചാടി ചുമ്മാ ഇവർ നശിക്കയല്ലയോ

സങ്കടങ്ങളുടെ മഹാകയത്തിൽ
അങ്കുശമന്യെ പതിക്കുന്നു ജീവിതം
കാലമേ, കനിയുക മേൽക്കുമേൽ
കൈപിടിച്ചണയ്ക്കുക, ഞങ്ങളെ!

**കെ.കെ ഹംസമൗലവി മാട്ടൂൽ**

# ഓർമ

എന്നോ മറന്നുപോയ് ജന്മസത്യങ്ങളെ
എങ്ങോ കളഞ്ഞുപോയ് ദീപ്തമാം ശോഭയെ
ഓർത്തെടുത്തു ഞാനന്നൊരു രാത്രിയിൽ
ഓതിക്കരഞ്ഞൊരാ വേദ വാക്യങ്ങളെ
കണ്ണുനീർ തൂകി ഞാൻ സ്വപ്നങ്ങൾ നെയ്യവേ
തീർച്ചപ്പെടുത്തിയെൻ സ്വർഗ പ്രതീക്ഷയെ
കസ്തൂരിക്കോപ്പകൾ മോന്തിത്തുടുത്തതും
ഹൂറിയോടൊത്ത് രാവിൽ നീന്തിത്തുടിച്ചതും
ഏതോ പകലിൻ മറവിൽ മറന്നു ഞാൻ
എന്റെ ജയിലറകളോരോന്നായ് തല്ലിത്തകർത്തു
നിമിഷാർധങ്ങളിലതോർമകളായ് മാറി!
നെറുകയിൽ സൂര്യൻ കത്തിജ്ജ്വലിക്കവേ
ഓർമ, പകലിലൊരു നാഴിക!
പിന്നെ തീമഴയിലുരുകി അടിഞ്ഞാളിക്കത്തും
ചങ്കിൽ കെട്ടിയ വിഷക്കനി കുടിച്ചിറക്കാൻ ചീഞ്ചലവും
ആത്മദൂതന്റെ വരവിനും മുൻപേ
മണ്ണിന്റെ താരാട്ടു പാട്ടിനും മുൻപേ
പൂത്തുലയുമോ ഈ തേന്മലരൊരു രാത്രിയിൽ.......

**ജബ്ബാർ പെരിന്തൽമണ്ണ**

